# KNANAYA CATHOLIC SOCIETY OF CHICAGO

www.kcschicago.com

1800 E Danton St, Des Plaines, IL 600 18

PATRON: ARCH BISHOP RT.REV.DR.MATHEW MOOLAKATT

SPIRITUAL DIRECTOR: REV. FR. ABRAHAM MUTHOLATH

| PRESIDENT | VICE PRESIDENT | SECRETARY | JOINT SECRETARY | TRESURER |
|---|---|---|---|---|
| THOMAS POOTHAKARY | JOSE ANAMALA | LINSON KAITHAMALA | ALBIN AIKAROTH | SHIBU MULAYANIKUNNEL |
| 708-969-1544 | 773-849-3573 | 847-338-0965 | 872-305-9140 | 630-849-1253 |


May 2nd, 2021

## സമുദായ കേസിൽ കോടതി വിധി ആശങ്കാജനകം

ക്നാനയേതര സമൂഹങ്ങളിൽ നിന്നും വിവാഹം കഴിക്കുവാനായി സ്വമേധയാ കോട്ടയം രൂപത വിട്ട് പുറത്തു പോയവരെയും അവരുടെ ജീവിത പങ്കാളികളെയും മക്കളെയും കോട്ടയം അതിരൂപതയിൽ തിരിച്ചെടുക്കണമെന്നും മറ്റുമുള്ള ആവശ്യം ഉന്നയിച്ചു കോട്ടയം സബ് കോടതിയിൽ നടന്നു വന്നിരുന്ന വ്യവഹാരത്തിന്മേൽ 2021 ഏപ്രിൽ 4ന് ഉണ്ടായിരിക്കുന്ന ഉത്തരവ് ക്നാനായ സമുദായം നൂറ്റാണ്ടുകളായി പാലിച്ചു പോരുന്ന പാരമ്പര്യ - ആചാരാനുഷ്ഠാനങ്ങൾക്കു വിരുദ്ധമാണ്, അതിനാൽ തന്നെ ഈ ഉത്തരവ് സമുദായ അംഗങ്ങൾക്ക് ഉൾക്കൊള്ളുവാൻ സാധിക്കുന്നതല്ല.

AD345 മുതൽ സ്വവംശ വിവാഹ നിഷ്ഠ പാലിച്ചു പോരുന്ന ക്നാനായക്കാർക്ക് മാത്രമായി 1911ൽ വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പ സ്ഥാപിച്ചു നൽകിയ കോട്ടയം അതിരൂപതയുടെ അംഗത്വ മാനദണ്ഡങ്ങളിൽ വിട്ടു വീഴ്ച ചെയ്യുവാൻ ക്നാനായ സമൂഹം തയ്യാറല്ല. മേൽപ്പറഞ്ഞ വിധി റദ്ദാക്കി കിട്ടുന്നതിനായി മേൽക്കോടതിയെ സമീപിക്കുവാനുള്ള സഭാ നേതൃത്വത്തിന്റെ തീരുമാനം ആശ്വാസകരമാണ്. സമുദായ താല്പര്യം സംരക്ഷിക്കുവാൻ കഴിവുള്ള പ്രഗത്ഭരായ നിയമ വിദഗ്ദ്ധരെ തന്നെ ഇതിനായി നിയോഗിക്കണം എന്ന് അഭിവന്ദ്യ മാത്യു മൂലക്കാട്ട് പിതാവിനോടും മറ്റ് സഭാ അധികാരികളോടും ഇത്തരുണത്തിൽ അഭ്യർത്ഥിക്കുന്നു.

ഈ വിഷയത്തിൽ ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയോട് ചേർന്ന് നിന്ന് കൊണ്ട്, ക്നാനായ സമുദായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിൽ കെ.സി.എസ് ഷിക്കാഗോ പ്രതിജ്ഞാബദ്ധമാണ്. മേൽക്കോടതിയിൽ നിന്നും അനുകൂല വിധി നേടിയെടുക്കുന്നതിനായി കോട്ടയം അതിരൂപത നടത്തുന്ന പ്രയത്നങ്ങളിൽ ക്നാനായ മക്കളുടെ പരിപൂർണ്ണ പിന്തുണയും ഇതിനാൽ വാഗ്ദാനം ചെയ്യുന്നു.

കെ.സി.എസ് എക്സിക്യൂട്ടീവിന് വേണ്ടി,

Thomas Poothakary
President

Linson Kaithamala
General Secretary